# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O., Ernakulam District,**
**Kerala state, Pin - 682 308,**
**Phone : 0484 - 2730150, 80781 57150 (Whatsapp)**
**General Secretary : 9446138868 (Personal)**


**Circular No.: M/C/04/ 2023**

**01-07-2023**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

ദൈവത്തിന്റെ അളവറ്റ കരുണയാൽ പ്രസ്ഥാനത്തിന്റെ ശതാബ്ദി സമ്മേളനവും 48–ാമതു വാർഷീക പൊതു യോഗവും ഭംഗിയായി നടത്തുവാൻ ഇടയാക്കിയ ദൈവത്തെ സ്തുതിക്കുന്നു. ക്യാമ്പ് സൈറ്റിന്റെ കൂദാശയും, ശ്രേഷ്ഠ കാതോലിക്കായും ഇൻഡ്യയുടെ യാക്കോബ് ബുർദ്ദോനായുമായ ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ മഹാ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷവും മുൻകാല ഭാരവാഹികളെ ആദരിക്കൽ ചടങ്ങും നടത്തുവാൻ സാധിച്ചതിൽ നമുക്ക് അഭിമാനിക്കാം. ശ്രേഷ്ഠ ബാവായുടെ തൃക്കരം ചുംബിച്ച് തൃപ്പാദങ്ങളിൽ എം.ജെ.എസ്.എസ്.എ. യുടെ ഭയഭക്തി ബഹുമാനാദരവുകൾ സമർപ്പിക്കുന്നു.

**48–ാമതു വാർഷിക പൊതുയോഗം**

എം.ജെ.എസ്.എസ്.എ.യുടെ പുത്തൻകുരിശ് ആസ്ഥാനത്ത് വെച്ച് 10.06.23 ശനിയാഴ്ച 9 മണിക്ക് രജിസ്ട്രേഷനോടെ യോഗനടപടികൾ ആരംഭിച്ചു. വൈസ് പ്രസിഡന്റ് റവ.ഫാ.സാബു സാമുവേൽ പതാക ഉയർത്തി പ്രസിഡന്റ് നി.വ.ദി.ശ്രീ. ഡോ: അന്തിമോസ് മാത്യൂസ് തിരുമേനി അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ജനറൽ സെക്രട്ടറി ഷെവ.എം.ജെ.മർക്കോസ് സ്വാഗതം ആശംസിച്ചു. അഭി. തിരുമേനിയുടെ അദ്ധ്യക്ഷപ്രസംഗത്തിനുശേഷം സൺഡേ സ്കൂൾ അദ്ധ്യപകരായി 50 വർഷം സേവനം പൂർത്തിയാക്കിയ 11 പേരെ ഗുരുശ്രേഷ്ഠ അവാർഡു നൽകി ആദരിച്ചു. 2022–23 വർഷത്തെ ജെ.എസ്.എസ്.എൽ.സി 1 മുതൽ 10 വരെയുള്ള റാങ്കു ജേതാക്കളേയും പ്ലസ്ടു 1,2,3 റാങ്കു ജേതാക്കളേയും സ്വർണ്ണമെഡലുകളും, ക്യാഷ് അവാർഡുകളും, മെമന്റോകളും വി.ഗ്രന്ഥവും നല്കി ആദരിച്ചു. ഏറ്റവും കൂടുതൽ ജെ.എസ്.വി.ബി.എസ്. ഡേ ഓഫ് ഗിവിംഗ് തന്ന നീറാംമുകൾ ഡിസ്ട്രിക്റ്റ്, ബെസ്റ്റ് സൺഡേസ്കൂളുകളായി തിരഞ്ഞെടുത്ത് യഥാക്രമം 1, 2 സ്ഥാനങ്ങൾ കരസ്ഥമാക്കിയ, മാനന്തവാടി സെന്റ് ജോർജ്, പാറേത്തുമുകൾ എം.ജി.എം. എന്നീ സൺഡേസ്കൂളുകൾക്കും ആത്മദീപം മാസികയുടെ മികച്ച ലേഖകൻ റവ. ഫാ. ഗ്രിഗർ ആർ. കൊള്ളന്നൂർ ഏറ്റവും കൂടുതൽ പെന്തിക്കോസ്തി കാണിക്ക തന്ന മണർകാട് സെന്റ് മേരീസ് സൺഡേസ്കൂൾ എന്നിവർക്ക് അഭി.തിരുമേനി മെമന്റോകൾ നൽകി. ബെസ്റ്റ് സൺഡേസ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മാനന്തവാടി സെന്റ് ജോർജ് സൺഡേസ്കൂളിന് ദെനഹോ ബുക്ക് സെന്റർ (പത്താംമൈൽ, കോതമംഗലം, ചെങ്ങനാശ്ശേരി) 15,000 രൂപയുടെ പുസ്തകങ്ങൾക്കുള്ള ലൈബ്രറി ബുക്സ് വൗച്ചറും പാറേത്തുമുകൾ എം.ജി.എം. സൺഡേസ്കൂളിന് ദെനഹോ ബുക്ക് സെന്റർ 10,000 രൂപയുടെ പുസ്തകങ്ങൾക്കുള്ള ലൈബ്രറി ബുക്സ് വൗച്ചറും നൽകി ആദരിച്ചു.

തുടർന്ന് പൊതുയോഗ നടപടികൾ ആരംഭിച്ചു. 2022–23 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വാർഷിക കണക്കുകൾ, അഡീഷണൽ ബഡ്ജറ്റ്, അഡിറ്റ് റിപ്പോർട്ടുകൾ, അവയ്ക്കുള്ള മറുപടി, ചോദ്യങ്ങൾ പ്രമേയങ്ങൾ എന്നിവക്കുള്ള മറുപടികളും യോഗം ഐക്യകണ്ഠേന അംഗീകരിച്ചു. 1,01,28,700 വരവും, 97,66,500–ക ചിലവും 3,62,200 നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന 2023–24 ലെ ബഡ്ജറ്റും യോഗം ഐക്യകണ്ഠേന അംഗീകരിച്ചു. തുടർന്നുള്ള അജണ്ടയിലെ മറ്റു വിഷയങ്ങളും ചർച്ച ചെയ്ത ശേഷം 2. പി.എം ന് 2023–2026 വർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ആരംഭിച്ചു. പൊതുയോഗം കൈകൊണ്ട തീരുമാനങ്ങൾ

(1) ആത്മദീപം ലാഭകരമാക്കുവാൻ വേണ്ടതു ചെയ്യണം.

(2) ബൈലാ ഭേദഗതി അംഗീകരിച്ചു.

(3) വാർഷീക പരീക്ഷയിൽ സുറിയാനി ചോദ്യഭാഗം തുടരണം.

(4) ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാരുടെ വാട്ട്സാപ്പ് ഗ്രൂപ്പ് അഡിമിൻ ഒൺലി ആക്കണം.

*മറുപുറം*

(5) പാഠപുസ്തക പരിഷ്ക്കരണത്തിലെ പോരായ്മകൾ തിരുത്തണം.

(6) 4, 5, 6 - ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലെ തെറ്റുകൾ തിരുത്തുവാൻ ഒരു വർക്ക് ഷോപ്പ് നടത്തണം.

(7) 2022 ലെ വാർഷിക പരീക്ഷയുടെ സോഫ്റ്റ്‌വെയർ സാങ്കേതിക തകരാർമൂലം രജിസ്റ്റർ ചെയ്തിരുന്ന കുട്ടികളുടെ ഫോട്ടോകൾ നഷ്ടപ്പെട്ടതായി കാണുന്നു. ആയത് ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ വഴി രണ്ടാമതും വാങ്ങി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതാണ്.

(8) അടുത്ത ഒരു വർഷത്തേക്ക് താഴെ പറയുന്നവരെ ഓഡിറ്റർമാരായി തിരഞ്ഞെടുത്തു.

1. ബിജി കുടിലിൽ, മണർകാട്
2. സാബു വർഗീസ്, പള്ളിക്കര
3. ജോസഫ് രഞ്ചിത്ത്, ചേലാട്

ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന് പൊതുയോഗം തിരഞ്ഞെടുത്ത വരണാധികാരികളായ ശ്രി.ജോർജ് ജോസഫ് തൃക്കളത്തൂർ, ശ്രി.കെ.വി.ജോസ് തുരുത്തിക്കര, ശ്രി.റോയി പി.ഏലിയാസ് കാരിമറ്റം എന്നിവർ നേതൃത്വം നൽകി. രഹസ്യ ബാലറ്റിലൂടെ തിരഞ്ഞെടുപ്പ് നടത്തി. വോട്ടെണ്ണൽ പൂർത്തിയായപ്പോൾ താഴെ പറയുന്നവരെ തൽസ്ഥാനങ്ങളിൽ തിരഞ്ഞെടുത്തതായി പ്രഖ്യാപിച്ചു.

**പ്രസിഡന്റ് –** നി.വ.ദി.ശ്രി.ഡോ.അന്തീമോസ് മാത്യുസ് മെത്രാപ്പോലീത്ത (പരി.എപ്പിസ്കോപ്പൽ സിനഡ് തീരുമാന പ്രകാരം)

**വൈസ് പ്രസിഡന്റ്** – റവ. ഫാ.ജയിംസ് കുര്യൻ, കട്ടപ്പന

**ജനറൽ സെക്രട്ടറി** – ശ്രീ. പി.വി ഏലിയാസ്, സൗത്ത് മാറാടി

**സെക്രട്ടറിമാർ** – 1. ശ്രി. പി.വി. പൗലോസ്, കോതമംഗലം
2. ശ്രി. ടി.വി. സജീഷ്, മീനങ്ങാടി
3. ശ്രി. എൻ.എ. ജോസ്, തോക്കുപാറ

**ട്രഷറാർ** – ശ്രീ. എൽദോ ഐസക്ക്, ആയങ്കര

**സെൻട്രൽ കമ്മിറ്റി അംഗങ്ങൾ –** 1. ശ്രി. എൽബി വർഗീസ്, കുറുപ്പുംപടി 2. ശ്രി. ഇ.പി.ബേബി, മീനങ്ങാടി 3. ശ്രി. എബി മാത്യു, കോട്ടയം 4. ശ്രി. എം.വി.ഏലിയാസ് വടവുകോട് 5. ശ്രി. എ.പി.ബേബി, മണീട്

**പ്രസിഡന്റ് നോമിനേറ്റ് ചെയ്തവർ –** 1. റവ.ഫാ.അരുൺ സി. എബ്രാഹം, കൊല്ലം 2. ശ്രി.എ.വി തങ്കച്ചൻ, ചെറിയഉരയം

**എക്സിക്യൂട്ടിവ് കമ്മിറ്റി –** പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, സെക്രട്ടറിമാർ, ട്രഷറാർ - എന്നിവർക്കു പുറമെ മുൻ ജനറൽ സെക്രട്ടറി ഷെവ.എം.ജെ മർക്കോസ് സാറിനെ കൂടാതെ ശ്രി. റോയി തോമസ്, മുളന്തുരുത്തി, ശ്രി.എം.കെ.വർഗ്ഗീസ്, പള്ളിക്കര, ശ്രി. എ.വി.തങ്കച്ചൻ, ചെറിയഊരയം എന്നിവരെ കൂടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുത്തു.

24.06.2023 ൽ കൂടിയ സെൻട്രൽ കമ്മിറ്റി താഴെ പറയുന്ന സബ് കമ്മിറ്റികൾക്ക് രൂപം നൽകി.

**1 പരീക്ഷാ ബോർഡ് –** 1. ശ്രി. ടി.കെ. പീറ്റർ (കൺട്രോളർ), 2. ശ്രി. തോമസ് പോൾ, 3. ശ്രി.ബിജു കെ. തമ്പി, 4. ശ്രി. പി.വി. ജേക്കബ്, 5. ശ്രി. ബിജു ജോൺ, 6. ശ്രി. എബി മാത്യു, 7. ശ്രി. ഏലിയാസ് എം.വി., 8. ശ്രി. പി.സി. ഏലിയാസ്

**2 എം.ജെ.എസ്.എസ്.എ. കലോൽസവം –** 1. ശ്രി. ബിനു മാത്യു, 2. ശ്രീ. ഇ.പി. ബേബി, 3. ശ്രി. ജോൺ ജോസഫ്, 4. ശ്രി. വി.പി. ജോയി, 5. ശ്രീ. ബെന്നി സി.പി., 6. ശ്രി. റോയ്സ് മാത്യു, 7. ശ്രി. എം.പി. മാണി, 8. ശ്രി. എ.പി. ബേബി

**3. ജെ.എസ്.വി.ബി.എസ്** 1. ശ്രീ. സി.ജെ. ഇടിക്കുള (കൺവീനർ ദക്ഷിണമേഖല), 2. ശ്രി. പി.വി.ജേക്കബ് (കൺവീനർ മദ്ധ്യമേഖല), 3. ശ്രീ. അനിൽ ജേക്കബ് (കൺവീനർ ഉത്തരമേഖല), 4. അഡ്വ. ജോബി മാത്യു, 5.അഡ്വ. ഷെവ. കെ. ഓ. ഏലിയാസ്, 6. ശ്രീ. പി.വൈ. ജോൺസൺ, 7.ശ്രീ. എൽബി വർഗീസ്

**4. പാഠപുസ്തക കമ്മിറ്റി –** 1.ശ്രി.ബിജു കെ.തമ്പി (കോഓർഡിനേറ്റർ), 2.ശ്രി.ടി.കെ. പീറ്റർ, 3. ശ്രി.ജോസ് പനച്ചക്കൽ 4. അഡ്വ.കെ.ഐ. ജോയി, 5. ശ്രി. എം.വി. ഏലിയാസ്, 6. ശ്രി. ബിനോയ് പി. ജോർജ്, 7. ശ്രി. കുര്യൻ വർഗ്ഗീസ്

**5. ആത്മദീപം –** 1. ശ്രീ. എൽബി വർഗീസ് (എഡിറ്റർ), 2. അഡ്വ.ഷെവ. കെ.ഒ. ഏലിയാസ്, 3. ശ്രി. പി.സി. ഏലിയാസ് 4. ശ്രി. ജോൺ ജോസഫ്, 5. ശ്രി. കോര സി. കുന്നുപുറം, 6. ശ്രി. എം.പി. മാണി, 7. ശ്രി. പൗലോസ് എൻ.റ്റി.

**6. ബസ്സേലിയോസ് തോമസ് ഫസ്റ്റ് അക്കാദമി ഓഫ് എക്സലൻസ് –** 1.ഡോ.കെ.പി. ഔസേപ്പ് IFS(Retd), 2.അഡ്വ. ഷെവ.ബഞ്ചമിൻ പോൾ, 3.ശ്രി.റോയ്സ് മാത്യു, 4.ശ്രി.പി.വി. ജേക്കബ്, 5. ശ്രി.ബിജു കെ.തമ്പി, 6. ശ്രി.ജോൺ ജോസഫ്

**7. ഇന്റേണൽ ഓഡിറ്റേഴ്സ്,** 1. അഡ്വ.ഷെവ.കെ.ഓ. ഏലിയാസ്, 2. ശ്രി. വി.പി. ജോയി

അർദ്ധവാർഷിക പരീക്ഷ ജൂലൈ മാസത്തിൽ തന്നെ എല്ലാ സൺഡേസ്കൂളിലും നടത്തിയെന്ന് ഭദ്രാസനം, ഡിസ്ട്രിക്റ്റ്, ഭാരവാഹികൾ ഉറപ്പു വരുത്തണം.

**പെന്തിക്കൊസ്തികാണിക്ക** – ശ്രേഷ്ഠ കാതോലിക്ക ബാവായുടെ കൽപന അനുസരിച്ച് ബഹുമാനപ്പെട്ട പള്ളികളിൽ സമാഹരിച്ചിട്ടുള്ള പെന്തിക്കൊസ്തികാണിക്ക മുൻവർഷങ്ങളിൽ നൽക്കാത്ത പള്ളികൾ കാണുന്നു. തുകകൾ ഏൽപ്പിക്കാത്ത പള്ളികൾ കഴിഞ്ഞ വർഷത്തെ തുകയും കൂട്ടി ചേർത്ത് എത്രയും പെട്ടെന്ന് എം.ജെ.എസ്.എസ്.എ.യിൽ അടച്ചു രസീതു വാങ്ങുവാൻ അഭ്യർത്ഥിക്കുന്നു.

**ഡേ ഓഫ് ഗിവീങ്ങ്** – പ്രസ്ഥാനത്തിന്റെ ചാരിറ്റി പ്രവർത്തനത്തിനായി ഉപയോഗിക്കുന്ന ജെ.എസ്.വി.ബി.എസ് ഡേ.ഓഫ് ഗിവിങ്ങ് നൽകാത്ത കേന്ദ്രങ്ങൾ താമസംവിനാ ഹെഡ്ഓഫീസിൽ അടച്ചു രസീത് വാങ്ങേണ്ടതാണ്.

**ആത്മദീപം** – ആത്മദീപം വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ എല്ലാ ഭവനങ്ങളിലും ഒരു ആത്മദീപം എന്ന പ്രചര ണവുമായി എല്ലാ തലത്തിലുള്ള ഭാരവാഹികളുടേയും, സൺഡേസ്കൂളുകളുടേയും കൂട്ടായ പരിശോധന ആവശ്യമാണ്. വേണ്ടതു ചെയ്യുമല്ലൊ. കഴിവുള്ള പരസ്യങ്ങൾ തന്നും സഹായിക്കുവാൻ താല്പര്യപ്പെടുന്നു.

**29.06.2023 –ൽ കൂടിയ എക്സിക്യൂട്ടിവ് കമ്മിറ്റി, ഡയറക്റ്റേഴ്സ് ഓൺലൈൻ മീറ്റിംഗ് തീരുമാനങ്ങൾ**

1. ആഗസ്റ്റ് 31 ന് അർദ്ധവാർഷികപരീഷ നടത്തുന്നതിന്റെ റിപ്പോർട്ടും ജനറൽ സെക്രട്ടറിക്ക് ഭദ്രാസന ഡയറക്ടർമാർ നൽകണം.

2. 2022 –ലെ 10,12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് നൽകുവാൻ സാധിച്ചില്ല. ചില സാങ്കേതിക തകരാർമൂലം ചില കുട്ടികളുടെ ഫോട്ടോസ് നഷ്ടപ്പെട്ടു. ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർക്കും ഹെഡ്മാസ്റ്റർമാർക്കും ലോഗിൻ ഐഡിയും പാസ്വേഡും ഉപയോഗിച്ച് വീണ്ടും ഫോട്ടോ ഇല്ലാത്ത കുട്ടികളുടെ ഫോട്ടോസ് അപ്ലോഡ് ചെയ്യുവാൻ സൈറ്റ് വീണ്ടും ഓപ്പൺ ആക്കിയിട്ടുണ്ട്.

3. 2023 വർഷത്തെ ഡേ ഓഫ് ഗീവിംങ്ങ്, പെന്തിക്കൊസ്തികാണിക്ക തന്നവരുടെ ലിസ്റ്റ് ജൂലൈ 31-ന് അയച്ചു കൊടുക്കുന്നതാണ്.

4. 1, 2, 3 ക്ലാസ്സുകളിലെ ടെക്സ്റ്റ് ബുക്ക് കറക്ഷൻ നടത്തിയ ശേഷം ടിച്ചേഴ്സ് ഗൈഡ് പ്രിന്റ് ചെയ്താൽ മതി.

5. ഭദ്രാസന ഡയറക്ടർമാർ, ഭദ്രാസന സെക്രട്ടറിമാർ, ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ എന്നിവരുടെ ഒരു ഒഫീഷ്യൽ സെമിനാർ ആഗസ്റ്റ് മാസത്തിൽ എം.ജെ.എസ്.എസ്.എ. ആസ്ഥാനത്തു വിളിച്ചു കൂട്ടണം.

6. 100 വർഷം പൂർത്തിയാക്കിയ സൺഡേസ്കൂളുകൾ 5,000-രൂപയുടെ ഒരു പരസ്യം ശതാബ്ദി സ്മരണികയിൽ ഇടുന്നതിന് എത്രയും വേഗം എം.ജെ.എസ്.എസ്.എ. യിൽ ഏൽപിക്കണം. ശതാബ്ദി സ്മാരക ഭവന നിർമ്മാണത്തിന് പ്രസ്തുത തുക ഉപയോഗിക്കുന്നതായിരിക്കും.

പരിശുദ്ധ സഭയുടെ നട്ടെല്ലാകുന്ന സൺഡേസ്കൂൾ പ്രസ്ഥാനം, നാം വളർച്ചയുടെ പാതയിൽ മുന്നേറുന്ന ഈ നാളുകളിൽ പരിശുദ്ധ സഭയുടെ പ്രതിസന്ധികളിൽ തളരാതെ ശാശ്വത സമാധാനം ലഭിക്കുവാൻ കൂട്ടായി പ്രാർത്ഥിക്കാം. പിതാക്കൻമാർ കാണിച്ചു തന്ന സത്യവിശ്വാസത്തിൽ വരുംതലമുറയെ വളർത്തുവാൻ കൂട്ടായി യത്നിക്കാം പരിശുദ്ധ പാത്രിയർക്കീസ് ബാവായോടും, ശ്രേഷ്ഠ കാതോലിക്ക ബാവായോടും അഭി. പ്രസിഡന്റ് തിരുമേനി, സഭയിലെ മറ്റു മെത്രാപ്പോലീത്താ തിരുമേനിമാർ എന്നിവരോടുള്ള ഭയഭക്തി ബഹുമാനാദരവുകളും വിധേയത്വവും നിലനിർത്തി പരിശുദ്ധ അന്ത്യോഖ്യ സിംഹാസനത്തിൻ കീഴിൽ അടിച്ചുറച്ചു മുൻപോട്ട് പോകുവാൻ സൺഡേസ്കൂൾ പ്രവർത്തകർ പ്രതിജ്ഞാ ബന്ധരായിരിക്കണം. പുതുതായി സ്ഥാനമേറ്റ എല്ലാവരേയും അനുമോദിക്കുമ്പോൾ കഴിഞ്ഞ കാല പ്രവർത്തകരെ ഓർത്തു പ്രാർത്ഥിക്കുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും ഏവരുടേയും, ഒരുമിച്ചുള്ള സഹായ സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു.

കർത്താവിൽ എളിയ ശ്രൂശ്രൂഷകൻ



**പി.വി.ഏലിയാസ്**
**ജനറൽ സെക്രട്ടറി**